(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1680.79 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 453.55 കോടി രൂപയും, ദേശീയപാതാ വിഭാഗത്തിൽ 54.09 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(സി) പിൻവലിച്ചിട്ടുണ്ട്.

(ഡി) ബിൽ കുടിശ്ശിക എത്രയും വേഗം കൊടുത്തു തീർക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ്.

(ഇ) ബില്ലുകൾ മാറിക്കിട്ടുന്നതിലെ കാലതാമസവും ഇതിന് ഒരു കാരണമാകാൻ സാധ്യതയുണ്ട്.

2014 ജനുവരി 1-ന് ശേഷം ഭരണാനുമതിക്ക് സമർപ്പിച്ച പ്രവൃത്തികൾ

350 (1394) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എന്നിവിടങ്ങളിൽ 2014 ജനുവരി 1 ന് ശേഷം എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ച പ്രവൃത്തികൾ, പേര്, അടങ്കൽ തുക, നിയോജകമണ്ഡലം, ഏത് പദ്ധതിയിലുൾപ്പെടുത്തിയുള്ള ഫണ്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും ലഭിച്ച ഭരണാനുമതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് ഏതിനൊക്കെയാണ് സാങ്കേതിക അനുമതി നൽകിയതെന്ന്, പ്രവൃത്തി, അടങ്കൽ തുക, നിയോജക മണ്ഡലം, സാങ്കേതിക അനുമതി തീയതി, സാങ്കേതിക അനുമതിയിൽ ഒപ്പുവച്ച ഉദ്യോഗസ്ഥൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇനിയും സാങ്കേതികാനുമതി നൽകാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അത് വൈകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഓഫീസുകളിൽ വിവിധ തസ്തികകളിലായുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) രാംനഗർ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് കെട്ടിട നിർമ്മാണത്തിനും രാവണീശ്വരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് സ്റ്റേഡിയം നിർമ്മാണത്തിനും ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 50 ലക്ഷം രൂപ വീതമുള്ള പ്രവൃത്തി നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ജി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിലുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ - ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എൻ. എച്ച്. 47-ലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

351 (1395) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്. 47 ലെ വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള ദേശീയ പാതയുടെയും മണ്ണുത്തി മുതൽ വടക്കാഞ്ചേരി വരെയുള്ള ദേശീയ പാതയുടെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മണ്ണുത്തി മുതൽ വാളയാർ വരെയുള്ള ദേശീയ പാതയുടെ നിർമ്മാണ പ്രവൃത്തികൾക്കായി നാളിതു വരെ എത്ര തുക ചെലവായി എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള നാലുവരി പാതയുടെ നിർമ്മാണം 18-5-2013-ൽ ആരംഭിച്ച് നല്ല രീതിയിൽ പുരോഗമിക്കുന്നു. 2015 ഫെബ്രുവരി മാസത്തെ വിശദാംശങ്ങൾ പ്രകാരം 88% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly